## ചരമോപചാരം

## മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള, സ്വാതന്ത്ര്യസമര സേനാനിയും പ്രമുഖ ഗാന്ധിയനുമായിരുന്ന കെ. ഇ. മാമ്മൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള, സ്വാതന്ത്ര്യ സമര സേനാനിയും പ്രമുഖ ഗാന്ധിയനുമായിരുന്ന കെ. ഇ. മാമ്മൻ എന്നിവർ ഈ അടുത്തകാലത്ത് നിര്യാതരായി.

### പി. ഉണ്ണിക്കൃഷ്ണപിള്ള

മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള 2017 ജൂലൈ 2-ന് അന്തരിച്ചു. സി. എ. പത്മനാഭ പിള്ളയുടെയും എൽ.കല്യാണി അമ്മയുടെയും മകനായി 1929 ജൂലൈ 1-ന് പി. ഉണ്ണിക്കൃഷ്ണപിള്ള ജനിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം കർഷക സംഘം നേതാവ്, കേരള സർവ്വകലാശാലയുടെ സെനറ്റ്, സിൻഡിക്കേറ്റ് അംഗം, ഫിനാൻസ് കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സാഹിത്യ അക്കാഡമി അംഗം, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. മൂന്ന്, നാല് കേരള നിയമസഭകളിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ്

ഇൻഡ്യ പ്രതിനിധിയായി കൃഷ്ണപുരം മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടു. ദീർഘകാലം തൊടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആദർശശാലിയായ ഒരു മാതൃകാ പൊതുപ്രവർത്തകനെയാണ് പി. ഉണ്ണികൃഷ്ണപിള്ളയുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. ഇ. മാമ്മൻ

സ്വാതന്ത്ര്യ സമര സേനാനിയും പ്രമുഖ ഗാന്ധിയനുമായിരുന്ന കെ. ഇ. മാമ്മൻ 2017 ജൂലൈ 26 - ന് അന്തരിച്ചു. തിരുവല്ല തയ്യിൽ കണ്ടത്തിൽ കെ. സി. ഈപ്പന്റെയും കുഞ്ഞാണ്ടമ്മയുടെയും മകനായി 1921 ജൂലൈ 31-ന് കെ. ഇ. മാമ്മൻ ജനിച്ചു. വിദ്യാർത്ഥി കോൺഗ്രസിലൂടെ സ്വാതന്ത്ര്യ സമരത്തിലേയ്ക്ക് വന്ന അദ്ദേഹത്തെ സർ സി. പി.ക്കെതിരെ ഒരു യോഗത്തിൽ പ്രസംഗിച്ചതിന് ആർട്സ് കോളേജിൽനിന്നും പുറത്താക്കുകയുണ്ടായി. തുടർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പഠനം പൂർത്തിയാക്കി. 1940-ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബിരുദ പഠനത്തിനിടെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിന് വീണ്ടും കോളേജിൽനിന്നും പുറത്താക്കപ്പെട്ടു. പിന്നീട് പഠനം ഉപേക്ഷിച്ച് സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങളിൽ നെടുനായകത്വം വഹിച്ച അദ്ദേഹത്തിന്റെ രാജ്യസ്നേഹവും ധൈര്യവും ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച

വിശ്വാസവും എന്നും രാജ്യസ്നേഹികൾക്ക് മാതൃകയായി. അർഹതയുണ്ടായിരുന്നിട്ടും അധികാരത്തിന്റെ വഴികളിൽ നിന്ന് അദ്ദേഹം മാറി നടന്നു. സ്വാതന്ത്ര്യാനന്തരം അഴിമതി, ഹർത്താൽ, ബന്ദ് എന്നിവയ്ക്കെതിരെയും മദ്യവർജ്ജനത്തിനായും ഒറ്റയാൾ പോരാട്ടം നടത്തിയ അദ്ദേഹത്തിന്റെ സമരമാർഗ്ഗങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. ഗാന്ധിയൻ ആദർശങ്ങളെ ജീവിതവ്രതമാക്കിയ, പട്ടിണിയും ചൂഷണവുമില്ലാത്ത സാമൂഹ്യ വ്യവസ്ഥ സ്വപ്നം കണ്ടിരുന്ന ഒരു ആദർശശാലിയെയാണ് കേരള സമൂഹത്തിന് കെ. ഇ. മാമ്മന്റെ നിര്യാണത്തോടെ നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)